# ബെഥേൽപത്രിക

വാല്യം നാല്     നവംബർ 1991     ലക്കം പതിനൊന്ന്

Blessed is the man whose strength is in thee.
Psalms: 84:5





ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

**നവംബർ 1991**

**രക്ഷാധികാരി**

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി. ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഡീ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട )
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു

(ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


**ഉള്ളടക്കം**


ഇടയലേഖനം
മെത്രാപ്പോലീത്താ

ധ്യാനപംക്തി
ഫാ. മാത്യു വർഗീസ്

മദ്യപാനത്തിനെതിരെ
—മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

രക്ഷ ദൈവത്തിൻെറ ദാനം
—സി. എം. തങ്കച്ചൻ

മനുഷ്യശേഷി വികസനം എപ്രകാരം
—മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

കർമ്മധീരനായ നമ്മുടെ ഇടയൻ
—ഫാ. മാത്യു കോശി

ലഘുചിന്തകൾ
—പഥികൻ

സൗന്ദര്യത്തിൻെറ വ്യർത്ഥത
— ഏലിയാമ്മ ജേക്കബ്

ജഗദംബിക (കവിത)
—എൻ. ഐ. ചെറിയാൻ

ബൈബിൾ ക്വിസ്

ഭദ്രാസന വാർത്തകൾ

ബാലപത്രിക

മനുഷ്യൻ ഉദ്ദേശിക്കുന്നു, ദൈവം തീരുമാനിക്കുന്നു
—ബോബി കോശി പാങ്കാവിൽ തിരുവനന്തപുരം


## ഇടയലേഖനം

വാത്സല്യ മക്കളെ,

ദൈവം നമുക്ക് ഓരോരുത്തർക്കും നൽകിയിട്ടുള്ള കൃപകളും നൽവരങ്ങളും നാം ചിന്തിക്കുന്നതിലും വലുതും മഹത്തരവുമാണ്. എല്ലാവർക്കും കൃപ ഒരുപോലെയല്ല. ഒരു കഴിവുമില്ലാത്ത ഒരു മനുഷ്യനെപ്പോലും ദൈവം ഈ ലോകത്ത് സൃഷ്ടിച്ചിട്ടില്ല. സത്യത്തിൽ നല്ല മനുഷ്യരെന്നും ദുഷ്ടന്മാരെന്നുമുള്ള നമ്മുടെ വേർതിരിവുകളിൽത്തന്നെ വൈകല്യങ്ങളുണ്ട്. നാം വിചാരിക്കുകയും മുൻവിധി നിർണ്ണയിക്കുകയും ചെയ്യുന്നതുപോലെയല്ല ദൈവത്തിൻെറ നീതി. കർത്താവ് പരീശന്മാരെപ്പററി പറയുന്നിടത്തെല്ലാം ഇതു വ്യക്തമാക്കുന്നുണ്ട്. പാപത്തെപ്പററി നാം വിശ്വസിച്ചിരിക്കുന്നത് ചിലതെല്ലാമാണ് പാപങ്ങൾ, മററുചിലതൊന്നും പാപങ്ങളല്ലായെന്നാണ്. അസൂയ, നിഗളം, അഹന്ത, ഏഷണി ഇവയൊന്നും പലപ്പോഴും പാപങ്ങളായി നമുക്ക് തോന്നുന്നില്ല. നാം വിശ്വസിച്ചിരിക്കുന്ന മററു പാപങ്ങൾ പോലെ ഇവയും പാപങ്ങളാണ് എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

ദുഷ്ടന്മാരെന്നും കൊള്ളരുതാത്തവരെന്നും നാം ചിന്തിക്കുന്ന പലരും നമ്മേക്കാൾ നല്ലവരായിരിക്കാം. ഏതു മനുഷ്യരിലും ദൈവീക ചൈതന്യവും, ദൈവീക ദാനങ്ങളും കണ്ടെത്തുവാൻ കഴിയുന്ന പക്വവും വിവേക പൂർണ്ണവുമായ മനഃസ്ഥിതിയാണ് ഒരു യഥാർത്ഥ വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ടത്. ഒരു പട്ടിയുടെ ജഡം ഒരു റോഡിൽ കിടക്കുമ്പോൾ അതുവഴി കടന്നുപോയ മനുഷ്യരെല്ലാം ദുർഗന്ധം മൂലം മൂക്കുപൊത്തി അവിടേക്ക് നോക്കാതെപോലും കടന്നുപോകുന്നു. എന്നാൽ അതുവഴി വന്ന ഒരു കവി ആ പട്ടിയുടെ പല്ലുകൾ കണ്ടിട്ട് "..........ഹാ.... ഇതെത്ര മനോഹരമായിരിക്കുന്നു ....!എന്തു ശക്തിമത്തായിരിക്കുന്നു........! ദൈവ സൃഷ്ടി എത്രയൊ വിചിത്രം" എന്നുപറയുന്നു. ദുർഗന്ധം വമിക്കുന്ന ആ ജഡത്തിലും ഒരു നന്മ കണ്ടെത്തുവാൻ കവിക്ക് സാധിക്കുന്നു.

ഇത്രയും വിവരങ്ങൾ നിങ്ങൾക്കെഴുതുവാൻ കാരണം നമ്മുടെ യുവതലമുറയെപ്പററി നമുക്കുണ്ടാകേണ്ട ചില സംഗതികൾ നിങ്ങളെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ്. നമ്മുടെ യുവലോകം ഇന്ന് നാശച്ചുഴിയിൽ വീണ് തകർന്നു കിടക്കുന്നുവെന്ന് എല്ലാവരും കരുതുകയും പ്രസംഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അവരെ അതിൽ നിന്നും എങ്ങനെ രക്ഷിക്കണം എന്നതിനെപ്പററി ആരും ഒന്നും പറയുന്നില്ല. ഇവിടെയാണ് മുമ്പു സൂചിപ്പിച്ച മനോഭാവത്തിൻെറ പ്രസക്തി. തെററുകളും കുറവുകളും വരുമ്പോൾ യുവാക്കളെ നാം തള്ളിക്കളയുകയും നിന്ദിക്കുകയും ചെയ്യുന്നു. ഇത് ഒരിക്കലും ആരോഗ്യകരമായ മനസ്ഥിതിയല്ല. പ്രായത്തിൻെറ അപക്വത മൂലം ചില ബലഹീനതകളൊക്കെ വന്നിരുന്നാലും അവരിലുള്ള നന്മയെയും കഴിവുകളെയും നാം പ്രോത്സാഹിപ്പിക്കുമെങ്കിൽ അവരെ ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്നവരാക്കിത്തീർക്കുവാൻ നമുക്കു കഴിയും. അവർക്കുണ്ടാകുന്ന ബലഹീനതകളെ നാം

തിരുത്തുകയും അതവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടത് അല്പം ക്ഷമയോടും വിട്ടുവീഴ്ചാ മനോഭാവത്തോടും കൂടിയായിരിക്കണമെന്നേയുള്ളു. ഇന്നത്തെ വിദ്യാർത്ഥി ലോകത്തോട് ഈ വിധമുള്ള ഒരു സമീപനരീതി നാം അവലംബിക്കണം. അവരിലുള്ള കർമ്മ ശക്തിയെ മുരടിപ്പിച്ചു കളയുവാനല്ല കൂടുതൽ പ്രദീപ്തമാക്കുവാനാണ് നാമിനിയും ശ്രമിക്കേണ്ടത്.

മറ്റൊരു സംഭവവും എന്റെ ഓർമ്മയിൽ ഓടിയെത്തുന്നു. കാശ്മീർ ഭീകരരുടെ തടവുപുള്ളിയായി ഏതാനും ആഴ്ചക്കാലം കഴിച്ചുകൂട്ടുവാൻ ഇടയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ജനറൽ മാനേജർ ശ്രീ ദൊരൈ സ്വാമിയും കുടുംബവും അനുഭവിച്ച പീഡാനുഭവത്തെക്കുറിച്ചുള്ള പേടിപ്പെടുത്തുന്ന ഓർമ്മ ഇന്നും നമ്മുടെയെല്ലാം സ്മരണകളിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ടല്ലോ. അവരുടെ തടവറയിൽ നിന്നും മോചിതനായി വന്ന അദ്ദേഹത്തിന് ആ ചെറുപ്പക്കാരായ ഭീകരരെക്കുറിച്ച് അനുകമ്പയിൽ കുതിർന്ന വാക്കുകളെ പറയാനുണ്ടായിരുന്നൊള്ളു. ''സാധുക്കളായ ചെറുപ്പക്കാർ തങ്ങൾ ശരിയെന്ന് വിശ്വസിക്കുന്ന ആദർശത്തിൽ അതിർകവിഞ്ഞ് വിശ്വസിച്ച അപരാധമേ അവർ ചെയ്തിട്ടുള്ളു. അവരുടെ ആവശ്യങ്ങൾക്ക് നേരെ ഇത്രയും കാലം കണ്ണടച്ച ഭരണകർത്താക്കളാണ് ഇവരേക്കാളും കൂടുതൽ തെറ്റു ചെയ്തവർ. തന്നെ ആർ തടവിലാക്കിയോ ആ ഭീകരരെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം ഈ വിധത്തിലായിരുന്നു.

നമ്മുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന യുവജന സംഘടനകളെയും അവരുടെ പ്രവർത്തനങ്ങളെയും അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഇടവക നേതൃത്വവും ജനങ്ങളും ശ്രദ്ധിക്കണം. എവിടെ യുവജനങ്ങൾ ഐക്യത്തിലും ഉത്സാഹത്തിലും നിലകൊള്ളുന്നുവോ; അവിടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, അവർക്ക് ദൈവം നൽകിയ താലന്തുകളെയും കഴിവുകളെയും പ്രോത്സാഹിപ്പിക്കുന്നതിനും അവരിലൂടെ ദൈവരാജ്യ പൂർണ്ണതയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്നതിനും ദൈവമായ കർത്താവ് തന്റെ പരിശുദ്ധറൂഹാ മൂലം സഹായിക്കുമാറാകട്ടെ.

കർത്താവിൽ നിങ്ങളുടെ
ബലഹീനനായ

അത്താനാസിയോസ്
മെത്രാപ്പോലീത്താ.

1991 നവം. 1
ഓതറ ദയറാ

★

---

സാഹിത്യകാരന്മാർ സ്വന്തം രചനയിലൂടെ മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാൻ ശ്രമിക്കണം. സമൂഹത്തിന്റെ ധാർമ്മികാധഃപതനത്തിന് സാഹിത്യകാരന്മാർ വളം വയ്ക്കരുത്.

-ഫീലിപ്പോസ് മാർ യൗസേബിയോസ്

★



## ധ്യാനപംക്തി

**ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ**

‘ ദരിദ്രരോട് സദ്‌വാർത്ത...........പ്രസിദ്ധമാക്കുവാനും എന്നെ അയച്ചിരിക്കുന്നു.'' (ലൂക്കോ. 4.18:19)

വി. ലൂക്കോസിൽ കാണുന്ന ഈ ഉദ്ധരണിയും, മൂല രൂപത്തിൽ കാണുന്ന (യശയ്യാ : 61 : 1-3) ഭാഗവും തമ്മിൽ വ്യത്യാസം ഉണ്ട്. ബാബിലോണ്യ അടിമത്തത്തിൽ നിന്നു വിമോചിക്കപ്പെട്ടു് യിസ്രയേൽ ജനം കനാൻ ദേശത്തേക്കു തിരിച്ചുപോകുമെന്ന പ്രത്യാശയാണ് യശയ്യാവിൽ കാണുന്ന ഈ പ്രവചനത്തിന്റെ സാരം. ഈ പ്രവചനത്തിലെപ്പോലെ തന്നെ സാമൂഹ്യ ജീവിതത്തിലെ വിമോചന പ്രക്രിയയാണ് യേശുവും മുഖ്യമായി പ്രതിപാദിക്കുന്നത്.

### ദരിദ്രരോട് സദ്‌വാർത്ത അറിയിക്കുന്നതിന്;

സ്വയാശ്രയമില്ലാതെ ദൈവത്തെ മാത്രം ആശ്രയിക്കുന്നവരെന്നും ആത്മീയ ദാരിദ്രത്തെ കുറിച്ചു ബോധമുള്ളവരെന്നും (മത്താ 5.3) ദരിദ്രർ എന്ന പദത്തിന് അർത്ഥമുണ്ടെങ്കിലും ജീവിക്കുന്നതിന് പ്രാഥമിക ഭൗതിക വിഭവങ്ങൾ ലഭ്യമാകാതെ വിഷമിക്കുന്നവർ എന്നാണ് സാമ്പത്തിക ശാസ്ത്ര നിർവചനം. ദാവീദിനോട് നാഥാൻ പറയുന്ന ഉപമയിൽ ധനികന്റെ ചൂഷണത്തിനു വിധേയമായവനാണ് ദരിദ്രൻ (2 ശമു. 12: 1-4) ആമോസിന്റെ പ്രവചനത്തിലും, യാക്കോബിന്റെ ലേഖനത്തിലും , സദൃശ്യവാക്യങ്ങൾ 13-22 അദ്ധ്യായങ്ങളിലും ദരിദ്രർ എന്ന് വിവക്ഷിച്ചിരിക്കുന്നത് ധനികരുടെ ചൂഷണത്തിനു വിധേയരാകുന്നവർ എന്നർത്ഥത്തിലാണ്. ദരിദ്രനു ന്യായ പാലനം ചെയ്യുന്നതാണ് ദൈവ നീതി എന്നു സങ്കീർത്തനക്കാരൻ പറയുന്നു. അനീതിയും ചൂഷണവും മുഖാന്തിരം ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് ദൈവരാജ്യ നീതിയുടെ സന്ദേശം പകർന്നുകൊടുക്കണം.

### ഹൃദയം തകർന്നവരെ മുറികെട്ടുവാൻ

വേദപുസ്തക ഭാഷയിൽ ഹൃദയം മനുഷ്യന്റെ തീരുമാന ശക്തിയുടെ കേന്ദ്രമാണ്. വികാരമല്ല അടിമത്വം മൂലം യിസ്രായേലിനു നഷ്ടപ്പെട്ടുപോയ ആത്മബോധവും സ്വതന്ത്ര തീരുമാന ശക്തിയും തിരികെ കൊടുത്ത് അവരെ സ്വന്തകാലിൽ നിൽക്കുന്ന ജനമാക്കിത്തീർക്കുവാനാണ് യെശയ്യാ ഉദ്ദേശിക്കുന്നത്. ''നിങ്ങൾ മുമ്പെ ജനമല്ലാത്തവർ, ഇപ്പോഴോ ദൈവജനം'' (1പത്രോ. 2:10) ദൈവോദ്ദേശ്യം സ്വീകരിച്ചു ചരിത്രം കരുപിടിക്കുന്നവരാണ് ദൈവജനം പാപത്തിന്റെ അടിമത്വത്തിലും, ധനികന്റെ ചൂഷണത്തിലും വിധേയരായി ഇച്ഛാ ശക്തി നശിച്ചവരെ നേരെ നിറുത്തി മനുഷ്യത്വത്തിന്റെ ദൈവീക പൂർണ്ണതയിലേക്ക് നടത്തുക എന്ന ലക്ഷ്യം യേശുവിന്റെ ദൗത്യമായിരുന്നു. ഇന്ന് പരിശുദ്ധ സഭയുടെ ദൗത്യം ഇതു തന്നെയല്ലേ?

## തടവുകാർക്ക് വിടുതൽ

സാമൂഹ്യ വിരുദ്ധരായ അക്രമികളെയും അക്രമത്തിലധിഷ്ഠിതമായ സ്ഥാപിത വ്യവസ്ഥിതിയെ എതിർക്കുന്ന നീതിമാന്മാരെയും ഇന്ന് തടവറയിൽ ഇടുന്നുണ്ട്. തടവറകൾ സാർവ്വത്രികമായി തുറക്കപ്പെടണമെങ്കിൽ രണ്ടു വിധത്തിലുമുള്ള (അക്രമികളിൽ നിന്നും, അക്രമികളായ അധികാര വർഗ്ഗത്തിൽ നിന്നും) അക്രമികളിൽ നിന്നും സമൂഹം മോചിക്കപ്പെടണം. യേശുവിന്റെ ക്രൂശ് നീതിയുടെ അടിസ്ഥാനത്തിൽ നിരന്തര സാമൂഹ്യ വിപ്ലവത്തിന്റെ സന്ദേശമാണ്.

## അന്ധന്മാർക്ക് കാഴ്ച

നിരന്തരമായി പാപത്തിന്റെ അടിമത്തത്തിൽ ജീവിച്ചതുമൂലം അന്ധത ഉണ്ടാകാം. മർദ്ദിതരുടെ കരാളഹസ്തങ്ങളാൽ ഇരുട്ടറയിൽ അടിമത്തത്തിൽ ജീവിച്ചതു മൂലം അന്ധതത ഉണ്ടാകാം ''കുരുട്ടു കണ്ണുകളെ തുറപ്പാനും ബദ്ധമാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നു വിടുവിപ്പാനും' എന്ന് യശയ്യാ 42: 7ൽ പറയുന്നത് ഈ അർത്ഥത്തിലാകാം. എല്ലാവിധമായ അന്ധകാര ഗൃഹങ്ങളിൽ നിന്നും മനുഷ്യരെ പ്രകാശത്തിലേക്ക് കൊണ്ടുവരിക എന്നുള്ളത് സഭയുടെ ദൗത്യമാണ്. സാമൂഹ്യ വിമോചനം ക്രിസ്തുവിൽകൂടി പ്രവർത്തി മണ്ഡലത്തിൽ കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ടോ?

## കർത്താവിന്റെ പ്രസാദ വർഷം പ്രസംഗിക്കുവാൻ

കട ഭാരം വർദ്ധിച്ചു ജനങ്ങളുടെ അവകാശ ഭൂമി അന്യാധീനപ്പെട്ടുപോയത് വീണ്ടെടുത്ത് എല്ലാ യിസ്രായേല്യരും അവരവരുടെ അവകാശ ഭൂമിയിലേക്കു തിരികെ പോകുന്ന യോവേൽ വർഷമാണ് ഇവിടെ അടിസ്ഥാന ചിഹ്നം. യിസ്രായേൽ ജനം കനാനിൽ താമസിച്ചിരുന്നപ്പോൾ വേണ്ട വിധം യോവേൽ വർഷം ആചരിച്ചില്ല. ബാബേൽ പ്രവാസത്തിനു ശേഷവും സാധിച്ചില്ല. ഇനി മശിഹായുടെ വരവിങ്കലാണ് കർത്താവിന്റെ പ്രസാദവർഷം ഉണ്ടാകാൻ പോകുന്നതെന്നാണു പ്രതീക്ഷ. ഈ സത്യം സമൂഹത്തോട് അറിയിക്കേണ്ട ചുമതലയും സഭയ്ക്കുള്ളതാണ്.

സഭയുടെ കലണ്ടർ അനുസരിച്ച് ഈ നവംബർ 3 ന് പുതിയ വർഷം ആരംഭിക്കുകയാണല്ലോ. സഭയുടെ ദൗത്യം എന്തെന്ന് സഭാമക്കൾ ആയിരിക്കുന്ന നാം ഓരോരുത്തരും മനസ്സിലാക്കി ജീവിക്കുന്നുവെങ്കിൽ നമ്മുടെ ഇടയിൽ സമാധാനം നിലനിൽക്കും. ഇല്ലായെങ്കിൽ സഭ ഒരു സ്ഥാപനമായും, നേതൃത്വ നിരയിലുള്ള മേൽപ്പട്ടക്കാരും, പട്ടക്കാരും വെറും സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഉദ്യോഗസ്ഥരായും അധഃപതിക്കും. ഈ പതനം ഉണ്ടാകാതിരിക്കുവാൻ നമ്മെതന്നെ ക്രിസ്തുവിൽ നവീകരിക്കാം, പ്രതിഷ്ഠിക്കാം.

★



# മദ്യപാനത്തിനെതിരെ ചില പ്രായോഗിക നിർദ്ദേശങ്ങൾ

**മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ**

[അഭിവന്ദ്യ ബർന്നബാസ് തിരുമേനി മദ്യപാനത്തിനെതിരെ സ്വീകരിക്കേണ്ട ചില പ്രായോഗിക കർമ്മ പദ്ധതികൾ അവതരിപ്പിക്കുന്നു. ഒരിക്കലും മദ്യപാനം ചെയ്യാത്തവരും വല്ലപ്പോഴുമൊരിക്കൽ മദ്യപിക്കുന്നവരും, അമിത മദ്യപന്മാരും ഈ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.]

1 മദ്യം ഉപയോഗിച്ചിട്ടില്ലാത്തവർ ഒരിക്കലും അത് ഉപയോഗിക്കുകയില്ലെന്ന് തീരുമാനിക്കണം. കുറേശെ വല്ലപ്പോഴും ഉപയോഗിച്ചിട്ടുള്ളവർ ഇനി ഒരിക്കലും ഉപയോഗിക്കുകയില്ലെന്ന് തീരുമാനിക്കണം. ലഹരിക്ക് അടിമപ്പെട്ടവരെ രക്ഷിക്കുന്നതിന് വൈദ്യ ചികിത്സ നടത്തുന്ന ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സിക്കണം. ഇവ ഉടനടി ചെയ്യേണ്ടതാണ്.

2 എത്ര ദാരിദ്ര്യമുണ്ടായാലും, കാലയാപനത്തിനു വേണ്ടി ലഹരി പദാർത്ഥങ്ങൾ ഉണ്ടാക്കുകയോ വിൽക്കുകയോ വിളമ്പുകയോ ചെയ്യുകയില്ലെന്ന് തീരുമാനിക്കണം. ദാരിദ്ര്യത്തിലും തൊഴിലില്ലായ്മയിലും ഇരിക്കുന്നവർക്ക് ഇതര തൊഴിൽ നൽകുന്നതിന് വേണ്ടത് ചെയ്യണം.

3 ലഹരി പദാർത്ഥങ്ങൾ ഉണ്ടാക്കുന്നവരുടെയും വിൽക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും ഇടയിൽ മദ്യവർജ്ജന പ്രചരണം നടത്തണം.

4 ലഹരിയിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും ലഹരിയിൽ നിന്നും ഒഴിഞ്ഞ് മുമ്പോട്ടു പോകുന്നതിനും ആവശ്യമായ കൂട്ടായ്മയുടെ പിൻബലം നൽകണം. ലഹരിയിൽ നിന്നും വിരമിക്കുന്നവരുടെ സംഘടനയിൽ അവരെ ചേർക്കുകയും ചെയ്യണം.

5 ലഹരി ഉണ്ടാക്കുന്നവർക്കും വിൽക്കുന്നവർക്കും ഉപയോഗിക്കുന്നവർക്കും സമുദായത്തിലെ ഉന്നത സ്ഥാനങ്ങൾ നൽകാതിരിക്കുക. ഇങ്ങനെയുള്ളവരെ നിയമസഭയിലേക്ക് വോട്ടു ചെയ്ത് അയയ്ക്കാതിരിക്കുക.

6 ലഹരി വിമുക്തമായ ലോകത്തിനുവേണ്ടി വ്യക്തികളായും സമൂഹമായും മുട്ടിപ്പായി പ്രാർത്ഥിക്കുക.

7 പ്രസംഗങ്ങളിലും സംസാരങ്ങളിലും ഇതു വിഷയമാക്കുക. ലേഖനങ്ങളും പുസ്തകങ്ങളും പ്രചരിപ്പിക്കുക.

(കെ. വി. മാമ്മന്റെ പത്രാധിപത്യത്തിൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരിക്കുന്ന ''ദിനാന്തദീപം'' എന്ന സായാഹ്നം ദിനപ്പത്രത്തിന്റെ സെപ്റ്റംബർ 18-ലെ ലക്കത്തിൽ നിന്നും)

സമ്പാദനം: മാർ തേവോദോസ്യോസ് റീസേർച്ച് സ്റ്റഡീ സെൻറർ.

★

# രക്ഷ ദൈവത്തിന്റെ ദാനം

## "ഇന്ന് ഈ വീട്ടിൽ രക്ഷവന്നു" (വി: ലൂക്കോസ് 19:10)

സി. എം. തങ്കച്ചൻ ചാത്തമേൽ. ഡി. സുവിശേഷകൻ

ചുങ്കം പിരിവുകാരിൽ പ്രധാനിയും ധനവാനുമായ സഖായിയുടെ ഭവനത്തിൽ യേശു അതിഥിയായത് യാദൃച്ഛികമായിട്ടായിരുന്നു. പക്ഷേ അതൊരു ചരിത്ര സംഭവമായി മാറി.

യറിഹോ യരൂശലേമിന് സമീപമായിരുന്നു. മാത്രമല്ല യോർദ്ദാന്റെ കിഴക്കേ പ്രദേശത്തുള്ളവർക്ക് യരുശലേമിൽ പോകേണ്ടത് യറിഹോവിൽ കൂടിയായിരുന്നു. അങ്ങനെ യെറിഹോ ചുങ്കം പിരിവിന്റെ സുപ്രധാന സ്ഥാനമായിരുന്നു. റോമാ ഗവണ്മെന്റ് ചുങ്കംപിരിച്ചിരുന്നത് ഇടനിലക്കാരിൽ കൂടെയായിരുന്നു. ഇപ്രകാരം ചുങ്കം പിരിക്കുന്നവർക്ക് റോമാ ഗവണ്മെന്റിന്റെ സർവ പിന്തുണയും ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ശേഷം യഹൂദന്മാർ ചുങ്കം പിരിവുകാരെ, അവർ യഹൂദന്മാരായിരുന്നെങ്കിലും അവജ്ഞയോടെ മാത്രമേ വീക്ഷിച്ചിരുന്നുള്ളു. ഈ ഗണത്തിൽപ്പെട്ടവനായിരുന്നു "സഖായി" ചുങ്കക്കാരിൽ പ്രധാനിയെന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. തന്നെ വെറുക്കുന്ന ജനങ്ങളുടെ ഇടയിൽ കയറി എങ്ങനെയെങ്കിലും യേശുവിനെ കാണുവാൻ ശ്രമിക്കാതെ, ഒരു മരക്കൊമ്പിൽ നിന്ന് സൗകര്യമായി കാണുവാൻ ആഗ്രഹിച്ചത് സ്വാഭാവികം തന്നെ. സഖായിയെ മരത്തിൽ നിന്ന് വിളിച്ചിറക്കി അയാളുടെ ആതിഥ്യം ചോദിച്ച് വാങ്ങിയതു അങ്ങനെയാണ്. യേശു തന്നെ തേടുന്നവരുടെ ഹൃദയങ്ങളിലേക്ക് കടന്നു ചെന്നിരുന്നതിന്റെ ഉദാഹരണമാണ്.

ധനവാനാണെങ്കിലും സഖായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് (ലൂക്കോ. 18:24) ന്യായപ്രമാണത്തിൽ പറയുന്ന നഷ്ടപരിഹാര നിർദ്ദേശങ്ങളെയും (പുറ. 22: 1-7, ലേവ്യ 6:5, സംഖ്യ 5:7) മറികടക്കുന്ന വിധത്തിലാണ് സഖായി തന്റെ കാര്യവിചാരകത്വം നിർവ്വഹിച്ചത്.

ധനവാൻ ദൈരാജ്യത്തിൽ കടക്കുന്നത് പ്രയാസമെങ്കിലും ദൈത്താൽ അതും സാധ്യമെന്ന് യേശു മിശിഹാ പറഞ്ഞതിന് വ്യക്തമായ ഒരു ഉദാഹരണമാണ് സഖായി.

പൊക്കം കുറഞ്ഞവനായിട്ടും, ജനബാഹുല്യമുണ്ടായിട്ടും സഖായി യേശുവിനെ കാണുവാനുള്ള ആഗ്രഹം കൈവിട്ടില്ല. സ്വന്തം ബലഹീനതയെയോ മറ്റുള്ളവരെയോ ശപിക്കുവാനല്ല സഖായി തുനിഞ്ഞത്. അയാൾ യേശുവിനെ കാണാനുള്ള മാർഗ്ഗം ആരാഞ്ഞു; അത് കണ്ടെത്തി.

താൻ പൊക്കം കുറഞ്ഞവനാണെന്ന ബോധ്യം സഖായിക്കുണ്ടായത് നന്നായി. സ്വയം പരിശോധനയുടെയും അനുതാപത്തിന്റെയും പാതയിലേ യേശുവിനെ കണ്ടെത്താനാവൂ.



ജനബാഹുല്യം യേശുവിനെ മറച്ചു. അന്നും, ഇന്നും, എന്നും യേശുവിനെ ചുററിപ്പററി നടക്കുന്നവർ നിമിത്തം പലർക്കും യേശുവിനെ കാണാൻ വയ്യാതെ വരുന്നു. അവർ മൂലം യേശു തന്നെയും തെററിദ്ധരിക്കപ്പെടുന്നു.

സഖായി കാട്ടത്തിയിൽ കയറി യേശുവിനെ നോക്കി. സഭയും സഭയുടെ കൃപാ മാർഗ്ഗങ്ങളുമാകുന്ന മരത്തിൽ കയറിയാൽ യേശുവിനെ കാണുവാൻ കഴിയും. മാത്രമല്ല യേശു അങ്ങനെയുള്ളവരെക്കണ്ട് കടന്നു വരികയും ചെയ്യും. മരത്തിന്റെ മുകളിൽ നോക്കുവാൻ ആഗ്രഹിക്കുമ്പോൾ മനസിന്റെ ഉള്ളിൽ കയറുവാൻ അനുവാദം ചോദിക്കുന്ന ഒരു ദൈവത്തിന്റെ സ്വഭാവം ഇവിടെ തെളിയുന്നു.

ആരാധനയുടെ മരത്തട്ടുകളിൽ നിന്ന് എത്തി നോക്കിയിട്ട് ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുടെയിടയിൽ നിൽക്കുന്ന യേശുവിനെ കണ്ട് താഴെയിറങ്ങിച്ചെന്ന് അവിടുത്തെ സന്തോഷപൂർവം സ്വീകരിക്കുന്നതാണ് ക്രിസ്തീയ ജീവിതം. അവിടെ ധനത്തിന്റെയും മററും ബന്ധനങ്ങളെ വലിച്ചെറിയുന്ന രൂപാന്തരത്തിന്റെയും, മാനസാന്തരത്തിന്റെയും തീരുമാനങ്ങളെ കാണുമ്പോഴാണ് "ഇന്ന് ഈ ഭവനത്തിന് രക്ഷയുണ്ടായി എന്ന് കേൾക്കുന്നത്" അങ്ങനെ നാം ജീവിച്ച് നമ്മുടെ ഓരോ ഭവനത്തിനും രക്ഷയുണ്ടായി എന്ന കർത്തൃശബ്ദം കേൾക്കുവാൻ സംഗതിയാവണം. അതിനായി നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

★

# മനുഷ്യശേഷി വികസനം എപ്രകാരം ?

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

(തുടർച്ച്)

## 7 സമന്വയ സമഗ്രവികസനം

ഒരു പരസ്യ വാചകം ശ്രദ്ധിക്കുക. "ജനങ്ങളാണ് നമ്മുടെ ഏററവും പ്രധാന മുതൽ' (People are our most important asset.) ഇപ്പോൾ ദരിദ്രരാജ്യങ്ങളിൽ യാഥാർത്ഥ്യം നേരെ തിരിച്ചാണ് "ജനപ്പെരുപ്പമാണ് നമ്മുടെ ഏററം വലിയ കടം" കടം ലാഭമാക്കുവാനുള്ള സാധ്യതയാണ് ജനപ്പെരുപ്പം കുറയ്ക്കുകയും, ജനശേഷി വർദ്ധിപ്പിക്കുകയും എന്ന രണ്ടു കാര്യം. പ്ലേഗും മററ് സാംക്രമിക രോഗങ്ങളും, പട്ടിണി മരണവും, മരുന്നില്ലാത്ത രോഗങ്ങളും പണ്ട് ജനവർദ്ധ തടഞ്ഞു കൊണ്ടിരുന്നു. ഇന്ന് കുടുംബ സംവിധാനം കൊണ്ട് ജനന നിയന്ത്രണം സാധിക്കുന്നു. അതിനായി വലിയ തുക ഗവർണ്മെന്റ് ചെലവഴിക്കുന്നു. മറുവശത്ത് ജനശേഷി വർദ്ധിപ്പിക്കുവാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. വ്യവസായ വിപ്ലവകാലത്ത് തൊഴിൽ വർദ്ധനവുണ്ടായി. ശാസ്ത്രീയ പുരോഗതിയോടുകൂടി തൊഴിലാളികളുടെ എണ്ണം കാര്യമിയി കുറയ്ക്കുന്ന യന്ത്രങ്ങളും കംപ്യൂട്ടറുകളും റോബോർട്ടുകളും ഉണ്ടായി. ഇവയെല്ലാം ഉപയോഗിച്ച് മനുഷ്യശേഷി വികസനം ഏററം കൂടുതൽ നടത്തിയ ജപ്പാനിൽ പോലും തൊഴി

ലില്ലാത്തവർ 9 ശതമാനം ഉണ്ട്. മുതലാളിത്ത രാജ്യങ്ങൾ ഒന്നും തൊഴിലില്ലായ്മ പരിഹരിച്ചിട്ടില്ല Welfare Capitation തൊഴിൽ രഹിതർക്ക് വേതനം കൊടുക്കുന്നെങ്കിലും അത് സമഗ്ര വികസനമാകുന്നില്ല. ചൈനയിലെ സോഷ്യലിസം ഏവർക്കും തൊഴിൽ കൊടുത്തതല്ലാതെ കാര്യമായ സമഗ്ര വികസനം നടത്തിയിട്ടില്ല. ക്യൂബയിൽ ഏതാണ്ട് സമഗ്ര വികസനം ഉണ്ടെന്ന് സന്ദർശകർ പറയുന്നു. എങ്കിലും അവിടെ നിന്നും ആളുകൾ ചിലരെങ്കിലും അമേരിക്കയിൽ പോകാൻ വെമ്പൽ കൊള്ളുന്നു. അമേരിക്കയാണെങ്കിൽ കടത്തിൽ മുങ്ങിയിരിക്കുകയാണ്.

സമഗ്ര വികസന മാർഗ്ഗം സമ്പന്ന രാജ്യങ്ങളുടെ ക്യാപ്പിററലിസവുമല്ല, ദരിദ്ര രാജ്യങ്ങളുടെ സോഷ്യലിസവുമല്ല, ഭാരതത്തിന്റെ സങ്കലന സാമ്പത്തികത്വവുമല്ല (Mixed Economy) പിന്നെയൊ 21-ാം നൂററാണ്ടിൽ ഉതകേണ്ട ഒരു പുതിയ വ്യവസ്ഥിതിയാണ്. ആ പങ്കിടീൽ സാധിക്കുന്ന ഒരു ഫെഡറൽ ലോക ഗവർമ്മെൻറ് ആവശ്യമായി വരും. വെള്ളക്കാർ മാത്രം വികസിക്കുന്ന കാലം ഇനി വരികയില്ല. ഇംഗ്ലണ്ടും ഇന്നും വെള്ളക്കാരുടെ രാജ്യമല്ല, അമേരിക്കയും വെള്ളക്കാരുടെ മാത്രം രാജ്യമല്ല. ഏഷ്യൻ പൗരന്മാരും, ആഫ്രിക്കൻ പൗരന്മാരും, ലാററിനമേരിക്കക്കാരും അമേരിക്കയിൽ ഏറിക്കൊണ്ടിരിക്കുകയാണ്. അവരുടെ വികസനം അവിടെ മാത്രം ആകാതെ അവരവരൊ പിതാക്കന്മാരോ ജനിച്ചു വളർന്ന അവരവരുടെ ആദ്യ രാജ്യങ്ങളിലെങ്ങും വ്യാപിക്കേണ്ട വരും. അതു സംഭവിക്കാതിരിക്കാനാണ് ചെല്ലുന്നവരെല്ലാം അവിടെ വീടു വെക്കാൻ കടം കൊടുത്ത് അവരെ നിലനിർത്താൻ ശ്രമിക്കുന്നത്. ഇന്ത്യാക്കാർ ചിലരെങ്കിലും ഇന്ത്യയെ വികസിപ്പിക്കുവാൻ തിരിച്ചു വന്നു തുടങ്ങിയിട്ടുണ്ട്. ഇതു സമഗ്രവികസനത്തിനുള്ള ആദ്യ കാൽവയ്പു മാത്രം.

പ്രതിസന്ധികൾ പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നു. പ്രതിബന്ധങ്ങൾ പുതിയ വാതിലുകൾ വെട്ടിത്തുറക്കുന്നു. മെക്സിക്കോ, ബ്രസീൽ, ഇന്ത്യാ എന്നീത്യാദി രാജ്യങ്ങളുടെ കടം അവരെ ആഴത്തിൽ താഴ്ത്തും. അതിനുമുമ്പ് ഒരു പ്രതിവിധി കണ്ടുപിടിക്കണം. ഭാരതത്തിലെ മനുഷ്യശേഷി വികസിപ്പിക്കുകയും കയററുമതി കൂടുകയും ചെയ്യാൻ പുതിയ സർക്കാരിന്റെ പുതിയ സാമ്പത്തിക നയം സഹായിക്കുമൊ എന്നുള്ളത് ഇപ്പോൾ പ്രവചിക്കാവതല്ല. സഹായിച്ചാൽ നന്ന്.

റഷ്യയും ചൈനയും മററത്തിന് വിധേയമാകുന്നത് അമേരിക്കയുടെ മാററത്തിന് കാരണമാകും. നിരീശ്വരത്വം കമ്മ്യൂണിസം ത്യജിക്കുമ്പോൾ നിർമ്മനുഷ്യത്വം അമേരിക്കയും ത്യജിക്കുമെന്നാശിക്കാം. ഭൗതികവാദം രണ്ടു വ്യവസ്ഥിതികളെയും തളർത്തുകയും ചെയ്തിരിക്കയാണ്. ഒരു ലോകകുടുംബം സൃഷ്ടിക്കുകയാണ് സമഗ്രവികസനത്തിനുള്ള ഏക മാർഗ്ഗം. കായീൻമാർ ഹാബേലന്മാരെ കൊല്ലുന്നതിന് പകരം സഹവർത്തിത്വത്തിലും പരസ്പര പങ്കിടീലിലും കഴിഞ്ഞാൽ കായീന്റെ കൃഷിയും ഹാബേലിന്റെ അജ പരിപാലനവും വരുമാന മാർഗ്ഗങ്ങളാകും. റഷ്യയിലും അമേരിക്കയിലും പെരിസ്ട്രോയിക്കായ്ക്ക് പകരമായി സമഗ്രവികസനം ഉണ്ടാകട്ടെ.

★



## കർമ്മധീരനായ നമ്മുടെ ഇടയൻ

ഫാ. മാത്യു കോശി പുത്തൻകാവ്

''തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ മെത്രാപ്പോലീത്തായായി'' നമ്മുടെ അഭിവന്ദ്യ ഇടയൻ ശ്രേഷ്ഠമായ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരിക്കുന്നു.

പുരാതന സഭയിൽ അദ്ധ്യക്ഷന്മാർ അജപാലനം ചെയ്തു വന്ന സമൂഹങ്ങൾക്കനുസരിച്ചായിരുന്നു മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ എന്നീ സ്ഥാനങ്ങൾ നിലനിന്നിരുന്നത്. പ്രധാന നഗരങ്ങളുടെ ചുമതല വഹിക്കുന്ന സീനിയർ ബിഷപ്പിനെ മെത്രാപ്പോലീത്താ എന്നും സാധാരണ നഗരങ്ങളുടെയും, ദേശങ്ങളുടെയും അദ്ധ്യക്ഷനെ എപ്പിസ്കോപ്പാ എന്നും വിളിച്ചിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ വേർതിരിവ് അപ്രായോഗികമായി വന്നതുമൂലം പ്രായത്തിന്റെയും പട്ടത്വ മൂപ്പിന്റെയും സ്വതന്ത്ര ഭരണച്ചുമതലയുടെയും അടിസ്ഥാനത്തിൽ ഈ സ്ഥാന നിർണ്ണയം നടത്തി വരുന്നു.



നന്മകളുടെ വിശകലനം എപ്പോഴും മുഖസ്തുതിയൊ, കീർത്തനമോ അല്ല: മറിച്ച് ഉൽസാഹ ജനകവും സന്തോഷപ്രദവും അതോടൊപ്പം പോരായ്മകളെപ്പററിയുള്ള ആത്മബോധന മാർഗ്ഗവുമാണ്. നമ്മുടെ ഏവരുടെയും പിതാവും ഇടയനുമായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസിലേക്ക് ഈ പുതിയ സ്ഥാന ലബ്ധിയിൽ ആശംസകളർപ്പിക്കുന്നതോടൊപ്പം അദ്ദേഹം വഴിയായി ദൈവം നമുക്ക് നൽകുന്നതും നൽകിക്കൊണ്ടിരിക്കുന്നതുമായ നന്മകളും വാത്സല്യ ദാനങ്ങളും അനുസ്മരിച്ച് ദൈവനാമത്തിന് സ്തോത്രമർപ്പിക്കേണ്ടതും ഈ അവസരത്തിൽ അഭികാമ്യമാണ്.

1985 ൽ സ്ഥാപിതമായ ചെങ്ങന്നൂർ ഭദ്രാസനം സഭയിൽ അസൂയാർഹമാം വിധം വളർച്ച പ്രാപിച്ചിട്ടുണ്ടെന്ന പ്രസ്താവന പൊങ്ങച്ചമൊ ദുരഭിമാന പരമോ ആയി ആരും വ്യാഖ്യാനിക്കുമെന്ന് തോന്നുന്നില്ല. മററ് ദദ്രാസനങ്ങൾ തന്നെയും പകർത്തിയെടുക്കത്തക്ക വിധമുള്ള പല പ്രവർത്തനങ്ങളും ആവിഷ്കരിക്കുവാനും നടപ്പാക്കുവാനും ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ അഭിവന്ദ്യ തിരുമനസിലേക്ക് കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ഏററവും പ്രധാനം പ്രവർത്തന നിരതമായ ഓഫീസാണ്. ഗവർമ്മെൻറ് ഓഫീസുകളിൽപ്പോലും കണ്ടെത്താനാവാത്ത ആധുനിക സംവിധാനങ്ങളും കൃത്യനിഷ്ടയുമുള്ള ഓഫീസ് തിരുമനസിലെ പ്രഥമ പടിയായ സംരംഭമായിരുന്നു. എത്രകാലങ്ങൾ കഴിഞ്ഞാലും ഭദ്രാസനത്തിലെ നിസാര രേഖകൾ പോലും നഷ്ടപ്പെടാതെ സൂക്ഷിക്കത്തക്കവിധം ക്രമീകരിച്ചിട്ടുള്ള ''ഫയൽ സമ്പ്രദായം'' എടുത്തുപറയേണ്ട ഒരു സവിശേഷതയാണ്. വലിയ അരമനക്കെട്ടിടങ്ങൾ പടുയർത്തി അതിൻെറ അകത്തളങ്ങളിൽ സുഖ ജീവീതം നയിക്കുവാൻ ധൃതികൂട്ടാതെ ഉള്ള സാഹചര്യങ്ങളിൽ ഒതുങ്ങിക്കൂടി ശൈശവ ദശയിലുള്ള തൻെറ ഭദ്രാസനത്തെ ബാലാരിഷ്ഠകളിൽ നിന്നും വിമോചിപ്പിക്കുവാനാണ് തൻെറ പിതൃ സഹോദരനെപ്പോലെ നമ്മുടെ അഭിവന്ദ്യ തിരുമേനിയും ശ്രമിച്ചത്. ഒരു ബിഷപ്പിന് ഉണ്ടായിരിക്കണമെന്ന് പലരും പ്രതീക്ഷിക്കുന്നതും ഭാവനയിൽ രൂപം കൊടുക്കുന്നതുമായ യാതൊരു ആഡംബരങ്ങളിലും സുഖസൗകര്യങ്ങളിലും അദ്ദേഹം ആകൃഷ്ടനായിട്ടില്ലെന്നതാണ് തൻെറ ശ്രേഷ്ഠതയ്ക്കുള്ള മുഖ്യകാരണം. ഓതറ ദയറായിലുള്ള അദ്ദേഹത്തിൻെറ താമസം നേരിട്ട് അറിയാവുന്ന ആർക്കും ഈ സംഗതി അനുഭവസ്ഥമാണ്. ഇത്തരത്തിലുള്ള തൻെറ വ്യക്തിപരമായ ജീവിതത്തിൻെറ ലാളിത്യത്തിൽ കൂടി ഭദ്രാസന ഭരണ രംഗത്ത് അദ്ദേഹം വളരെയധികം വിജയിച്ചിട്ടുണ്ട് എന്നത് ഒരു നഗ്ന സത്യം മാത്രമാണ്.

ആത്മീയ സംഘടനാ രംഗത്തുള്ള തിരുമനസ്സിലെ ശ്രദ്ധയും പ്രവർത്തന ചാതുര്യവും എടുത്തുപറയേണ്ട മറെറാരു സവിശേഷതയാണ്. മാതൃകായുക്തമായ ചട്ടക്കൂട്ടുകളും പ്രവർത്തന ശൈലിയും ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഓരോ സംഘടനയ്ക്കുമുണ്ട്. സഭയുടെ വളർച്ചയ്ക്ക് വൈദിക നേതൃത്വം മാത്രം പോരാ, വിദ്യാസമ്പന്നരും സഭാ സ്നേഹമുള്ള അത്മായക്കാരുടെ നേതൃത്വവും അതിന് അത്യന്താപേക്ഷിതമാണെന്ന് പൂർണ്ണബോധ്യമുള്ള അഭിവന്ദ്യ തിരുമേനി ശക്തരായ അത്മായക്കാരുടെ ഒരു നേതൃത്വനിര തന്നെ തൻെറ ഭദ്രാസനത്തിലുണ്ടാക്കിയിട്ടുണ്ട്. ഇതിൻെറ പ്രഥമ ദൃഷ്ടാന്തമാണ് ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സുവിശേഷസംഘം. ഇവരിലൂടെ ആത്മീയ സംഘടനാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതോടൊപ്പം എല്ലാ ശനിയാഴ്ചയും ഇവർക്കുവേണ്ട പരിശീലനവും നൽകിവരുന്നു.

അഭിവന്ദ്യ തിരുമനസുകൊണ്ട് ആരംഭം കുറിച്ച പല കാര്യങ്ങളും സഭാതലത്തിൽ അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് സഭയിൽഇന്നു നടക്കുന്ന ''ശിശുദിനാഘോഷം'' വി.യോഹന്നാൻ മംദാനായുടെ ജന്മദിനം ശിശുദിനമായി ആചരിച്ചുതുടങ്ങിയത് ചെങ്ങന്നൂർ ഭദ്രാസനത്തിലാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ട മറെറാരു പദ്ധതിയാണ് ''ബാലയുവജന പങ്കാളിത്തം സഭയുടെ വളർച്ചയ്ക്ക്'' എന്നുള്ളത്. ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞ വർഷം ഭദ്രാസനത്തിലെ ബാലയുവജനങ്ങളിൽ നിന്നും 3000 രൂപാ സമാഹരിച്ച് കാതോലിക്കാദിനപ്പിരിവിന് പ. ബാവാ തിരുമേനിയെ ഏല്പിക്കുവാൻ നമുക്കു സാധിച്ചു. സഭാതലത്തിൽ ഇതിനും അംഗീകാരം ലഭിച്ചു കഴിഞ്ഞു.

എടുത്തുപറയേണ്ട മറെറാരു സംഘടനയാണ് ''ദൈവവിളിസംഘം.' ഭദ്രാസനത്തിലുൾപ്പെട്ടവരും ഭാവിയിൽ ദൈവിക വേലയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്നവരുമായ ബാലികാ ബാലന്മാരും യുവതിയുവാക്കളും ഈ സംഘടനയിൽ ഉൾപ്പെടുന്നു. ഇവർക്കു വേണ്ട പരിശീലനവും ഈ സംഘടനയിൽ കൂടി നൽകപ്പെടുന്നു. ബാലികാ ബാലന്മാരിൽ നിന്നും പിരിച്ചെടുത്ത തുകകൊണ്ട് യാച്ചാരം ബാലഗ്രാമിലെ ഒരു കുട്ടിയെ ദത്തെടുത്ത് പഠിപ്പിക്കുന്ന പ്രവർത്തനവും ശ്രദ്ധേയമാണ്. കർമ്മ ബഹുലതകൾക്കിടയിലും ഓരോ സംഘടനയേയും അവയുടെ ഭാരവാഹികളേയും കൃത്യനിഷ്ഠയോടുകൂടി വിളിച്ചുകൂട്ടുന്നതിനും അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അഭിവന്ദ്യ തിരുമേനി സമയം കണ്ടെത്തുന്നു.

ഭദ്രാസന ഭരണം കൂടാതെ അഖില മലങ്കര ബാലസമാജം പ്രസിഡൻറ് എന്ന നിലയിലും അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകുന്നുണ്ട്. ഈ രംഗത്തുള്ള പ്രധാനപ്പെട്ട പ്രവർത്തനമാണ് സഭയിൽ സാഹിത്യവാസനയുള്ള ബാലന്മാരെ സംഘടിപ്പിച്ചു കൊണ്ടുള്ള ''സാഹിത്യ ശില്പശാല'' മൂന്നു സാഹിത്യ ശില്പശാലകൾ നടത്തുവാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. മലയാള സാഹിത്യ നഭോമണ്ഡലത്തിലെ ഉജ്ജ്വല താരങ്ങൾ ഇതിന് നേതൃത്വം നൽകുന്നു.

ഇവ കൂടാതെ സഭാതലത്തിലുള്ള നിരവധി സ്ഥാനങ്ങളും ചുമതലകളും അഭിവന്ദ്യ തിരുമേനി വഹിക്കുന്നു. പൗരോഹിത്യത്തിൻെറ പൂർണ്ണതയുടെ ഔന്നത്യത്തിൽ നിലകൊള്ളുമ്പോഴും വലിപ്പച്ചെറുപ്പമൊ ചേരിതിരിവുകളോ കൂടാതെ എല്ലാവരോടും സ്നേഹമായും വാത്സല്യമായും ഇടപെടുന്നതിനും നന്മകളും കഴിവുകളും ആരിലൊക്കെയുണ്ടോ അതിനെ പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹത്തിനു കഴിയുന്നു. ചെങ്ങന്നൂർ ആസ്ഥാധമാക്കിയിട്ടുള്ള മത സൗഹാർദ്ദ സമിതി അദ്ദേഹത്തിൻെറ ഹൃദയ വിശാലതയുടെ ഉത്തമോദാഹരണമാണ്. പ്രഗത്ഭനായ സംഘാടകനെന്നപോലെ അതിവിദഗ്ദനായ ഒരു വിദ്യാഭ്യാസ വിചക്ഷണനും കുടിയായ അഭിവന്ദ്യ തിരുമേനിക്ക് വിദ്യാദ്യാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അനേകം ഉൾക്കാഴ്ചകളും ദർശനങ്ങളുമുണ്ട്. അമിതമായ ഭക്തിയും വിശുദ്ധിയും പ്രകടിപ്പിച്ച് മററുള്ളവരുടെ അംഗീകാരത്തിന് ശ്രമിക്കാതെ തൻെറ പിതൃസഹോദരനെപ്പോലെ വിശ്രമം കുടാതെ കർമ്മ

യജ്ഞം നടത്തുവാൻ അദ്ദേഹം ഇഷ്ടപ്പെടുന്നു. ശ്രേഷ്ഠവും പുരാതനവുമായ കുടുംബത്തിൽപിറന്ന് ചരിത്രമുറങ്ങുന്ന പുത്തൻകാവിന്റെ മണ്ണിൽ കളിച്ചുവളർന്ന ഈ ശ്രേഷ്ഠ പുരോഹിതൻ അസാമാന്യമായ ധൈര്യവും സ്വതന്ത്രമായ ചിന്താശക്തിയും കൊണ്ട് തന്റെ അജഗണത്തെ പാലിച്ചുകൊണ്ടിരിക്കുന്നു. തന്റെ സഭയെക്കുറിച്ച് അദ്ദേഹത്തിന് വിശാലമായ സ്വപ്നങ്ങളുണ്ട്. ആ പ്രതീക്ഷകൾക്കനുസരിച്ച് നാമിനിയും വളരേണ്ടിയിരിക്കുന്നു. അതാണ് നമ്മുടെ കടമ. സർവ്വശക്തനായ ദൈവം തമ്പുരാൻ അദ്ദേഹത്തിന്റെ ദർശനങ്ങളെ സാക്ഷാൽക്കരിക്കട്ടെ.

ഞങ്ങളുടെ അഭിവന്ദ്യ പിതാവേ! അങ്ങയുടെ ഈ പുതിയ സ്ഥാനലബ്ധിയിൽ അവിടുത്തെ മക്കളായ ഞങ്ങൾ ആശംസകളുടെ ഒരു നൂറു നറുമലരുകൾ അവിടുത്തെ തൃപ്പാദത്തിലർപ്പിക്കട്ടെ. ദീർഘായുഷ്മാനായിരുന്ന് ഞങ്ങളെ നീണാൾ വഴിനയിച്ചാലും.

★

## ലഘുചിന്തകൾ

**പഥികൻ**

ഇനിയും അമേരിക്കൻവിശേഷങ്ങളാകട്ടെ യാത്രാവിവരണമല്ല. വെറും അനുഭവങ്ങൾ അതുപലർക്കും ഒരു പാഠവുമാകുമല്ലോ വിമാനത്താവളത്തിൽ എന്റെ സ്നേഹിതൻ കാത്തുനില്പുണ്ടായിരുന്നു. ഹൃദയഹാരിയായ സ്വീകരണം, മനസ്സു കുളിരണിഞ്ഞു. അവിടെ രണ്ടുദിവസം താമസിച്ചു.

അമേരിക്കയിലുള്ള കുറെ മലയാളികളുടെ മേൽവിലാസം ഞാൻ സംഘടിപ്പിച്ചിരുന്നു. മൂന്നു മാസം തങ്ങാൻ അതു മതിയാകും. അമേരിക്കൻ സന്ദർശനം കഴിഞ്ഞു വന്ന ചിലരെയും നാട്ടിൽ വച്ചു ഞാൻ കണ്ടിരുന്നു. അമേരിക്കയിൽ ചെന്നാൽ എന്തൊക്കെ ചെയ്യണമെന്ന് അവർ ഉപദേശിച്ചു. നേരത്തെ അച്ചനെ അറിയിച്ചിട്ട് ഞായറാഴ്ച ഏതെങ്കിലും പള്ളിയിൽ പോകണം അവിടെ പത്തുമിനിററു പ്രസംഗം ആനുഷംഗികമായി വരവിന്റെ ഉദ്ദേശവും വ്യക്തമാക്കാം. ആളുകൾ അപ്പോൾ സംഭാവന തുകകൾ കുറിക്കും. അത് അച്ചൻ വാങ്ങിച്ചു നുമക്കു നൽകും. പ്രസംഗം നീണ്ടാൽ തുക കുറയും. അതിനാൽ മൂന്നു നാലു പ്രസംഗവും ഞാൻ തയ്യാറാക്കിയിരുന്നു.

സ്നേഹിതനോട് ഈ കാര്യം സന്ദർഭമുണ്ടാക്കി ഞാൻ പറഞ്ഞു. അയാൾ പറഞ്ഞു. 'പണ്ട് അങ്ങനെയായിരുന്നു. എന്നാൽ ഇപ്പോൾ നാട്ടുകാരുടെ ശല്യം സഹിക്കാൻ വയ്യാതായി. മെത്രാനും അച്ചനും പ്രൊഫസറും ഉപദേശിയും ഓരോ വലിയ കാര്യവുമായിട്ടാണ് എത്തുക. നാട്ടിൽ നിന്നുവരുന്നവരെ കാണുന്നതു തന്നെ ഇവിടെയുള്ളവർക്ക് അലേർജിയാണ്. ഒരുവിധത്തിൽ ഇത് മാന്യമായ ഒരു തെണ്ടൽ. നാട്ടിൽ നിന്ന് ആരെങ്കിലും വരുന്നുണ്ടെന്ന് അറിഞ്ഞാൽ അന്ന് പള്ളിയിൽ ആളുകുറയും പള്ളിയിൽ നിന്ന് എന്തെങ്കിലും സംഭാവന ലഭിച്ചെങ്കിൽ ആയി. ലഭിച്ച സ്വീകരണത്തിന്റെ ആസ്വാദ്യത മുഴുവൻ ഒലിച്ചുപോയി. മോഹങ്ങളാണ് ദുഃഖത്തിനു കാരണമെന്ന് പറഞ്ഞതാരാണെങ്കിലും അയാൾ ഒരു മഹാനാണെന്ന് അപ്പോൾ എനിക്കു തോന്നി.

★



# സൗന്ദര്യത്തിന്റെ വ്യർത്ഥത

**ഏലിയാമ്മ ജേക്കബ്**

''ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും.''

സദൃശ്യവാക്യങ്ങൾ-31:30

ഈ വാക്യത്തെപ്പററി നാം ചിന്തിക്കുമ്പോൾ ഇതിന്റെ ഇംഗ്ലീഷ് ഭാഷയിലുള്ള വാക്യം കൂടി നാം ഓർത്തിരിക്കുന്നത് സഹായകരമാണ്.

''Favour is false and beauty is Vanity, but a woman that fearth the Lord shall be praised.''

ദാവീദിന്റെ മകനായ ശലോമോൻ ദൈവത്തിൽ നിന്നും നേരിട്ടു ലഭിച്ച ജ്ഞാനത്തിൽ നിന്ന് എഴുതിയതാണ് പ്രസ്തുതവാക്യം അതിൽ നമുക്ക് ദൈവത്തോടും, സഹോദരങ്ങളോടും, മാതാപിതാക്കളോടും, മക്കളോടുമുള്ള കടപ്പാടുകൾ പ്രതിപാദിച്ചിരിക്കുന്നു. മാത്രമല്ല, ക്ഷണികമായ ഒന്നാണ് സൗന്ദര്യമെന്നും അതിൽ ആശ്രയിക്കുന്നത് മനുഷ്യന്റെ വ്യർത്ഥമായ ആഗ്രഹമാണെന്നും നമ്മെ മനസിലാക്കുന്നു.

## ലാവണ്യം വ്യാജമുകുന്നു (Favour is false)

Favour എന്നത് നാം മററുള്ളവരിൽ നിന്നും വലുതും ചെറുതുമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുക-മററുള്ളവർ എപ്പോഴും നമുക്ക് ഇങ്ങോട്ടു തരണമെന്നുള്ള ആഗ്രഹം – നാം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും മററുള്ളവർ നമുക്ക് എന്തെങ്കിലും തരുന്നതിന്റെ പിന്നിൽ ചില ഗൂഢ താല്പര്യങ്ങൾ ഒളിഞ്ഞു കിടക്കും. അതുകൊണ്ടാണ് അത് വ്യർത്ഥമാണെന്ന് ശലോമോൻ പറയുന്നത്. യഹോവയിൽ ആശ്രയമുള്ളവർ അപ്രകാരം പ്രതീക്ഷിക്കുകയില്ല. പ്രത്യുതാ മററുള്ളവർക്ക് അങ്ങോട്ട് കൊടുക്കുകയെ ഉള്ളു. മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ നമുക്ക് ദൈവത്തിൽ ആശ്രയിക്കാം. വാങ്ങുന്നതിനേക്കാൾ നല്ലത് കൊടുക്കുകയാകുന്നു.

## സൗന്ദര്യം വ്യർത്ഥംമാകുന്നു (Beauty is Vanity)

സുപ്രസിദ്ധ അമേരിക്കൻ സിനിമാ നടി ആയിരുന്ന മെർലിൻ മൺട്രോ എന്ന യുവതി തന്റെ 36-ാമത്തെ വയസിൽ ആത്മഹത്യ ചെയ്ത സംഭവം ഇന്നും പലരും സ്മരിക്കുന്നുണ്ടായിരിക്കും. സൗന്ദര്യവും പണവും, പ്രസിദ്ധിയും ആർജ്ജിച്ച ഈ ഹോളിവുഡ് താരത്തിന്റെ ആത്മഹത്യ ഏവരെയും ഇരുത്തി ചിന്തിപ്പിച്ച ഒരു സംഭവമത്രെ. അവരുടെ വരുമാനം പ്രതിദിനം 3000 ഡോളർ ആയിരുന്നു. അനുപമമായ സൗന്ദര്യത്താൽ അനുഗൃഹീതയായ അവൾ ഒരു മികച്ച താരമായി അതിവേഗം പ്രശസ്തയായി. അവളുടെ കൊട്ടാര സദൃശ്യമായ ഭവനം ഒരു മലയുടെ മുകൾത്തട്ടിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. കാറിൽ ഒന്നു വട്ടം കറങ്ങി അവളുടെ കൊട്ടാരത്തിലെ കിടപ്പുമുറിയിൽ എത്തുന്നു. കാറിൽ നിന്നും കിടക്കയിൽ ഇറങ്ങി കിടക്കാം. 74 പേരടങ്ങുന്ന സേവകവൃന്ദം അവളുടെ ശുശ്രൂഷയ്ക്കായി സദാ

ജാഗരൂകരായി പ്രവർത്തിച്ചു വന്നിരുന്നു. ഇത്രയും മാത്രം ആർഭാട സമന്വിതമായ ജീവിതം നയിച്ചിരുന്ന മർലീൻ എന്തുകൊണ്ട് 36-ാം വയസിൽ ആത്മഹത്യ ചെയ്തു? ഇങ്ങനെയാണ് സംഭവിച്ചത്. ഒരു സുപ്രഭാതത്തിൽ അവളുടെ ഡ്രസിംഗ് റൂമിൽ നിന്ന് നിലക്കണ്ണാടിയിൽ അവൾ അവളെത്തന്നെ കണ്ടപ്പോൾ അവളുടെ സൗന്ദര്യവും യുവത്വവും അവളെ വിട്ടു മാറുന്നു എന്നും സൗന്ദര്യം ക്ഷയിച്ചു തുടങ്ങിയിരിക്കുന്നു എന്നും അവൾ ഗ്രഹിച്ചു. അവൾക്ക് മനസമാധാനം ഒട്ടുമെ ഇല്ലാതായി ലോകത്തെ അവൾ ശപിച്ചു. ജീവിതത്തെ അവൾ വെറുത്തു. അവൾക്ക് സൗന്ദര്യം, ധനം, പ്രശസ്തി ഇവയൊക്കെ ഉണ്ടായിട്ടും അവളുദെ ഹൃദയത്തിൽ സമാധാനം ഇല്ലാതായി. ഈ ദുഃഖം അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ ആത്മഹത്യ എന്ന ഒരൊററ മാർഗമെ മർലിൻ കണ്ടൊള്ളു. 1962 ആഗസ്ററ് 19ന് അവൾ ആത്മഹത്യ ചെയ്തു. മർലിനേക്കാൾ എത്ര എത്ര ശ്രേഷ്ഠതയുള്ളവരാണ് ചെററക്കുടിലുകളിൽ അവശരും ആർത്ഥരും ആലംബഹീനരുമായി കഴിയുന്നവർ! അവർ അപ്പോഴും ദൈവത്തെ സ്തുതിക്കുന്നു. ‘‘നിന്റെ സൗന്ദര്യം പുഴുപോലെ ക്ഷയിച്ചു പോകുമെന്ന് സങ്കീർത്തനക്കാരൻ പറയുന്നു. നമ്മുടെ സൗന്ദര്യം നമുക്ക് മനസമാധാനം തരികയില്ല.

## യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും

എന്തുകൊണ്ടാണ് ഇതു ഒരു യഥാർത്ഥ ക്രിസ്തീയ അനുഭവമായിരിക്കുന്നത്? യഹോവാ ഭക്തി എന്താണെന്ന് നമുക്ക് നോക്കാം ശലോമോൻ പറയുന്നു. സദൃശവാക്യം 1:7 ‘‘യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു’’. സങ്കീർത്തനക്കാരനും അതു തന്നെ പറയുന്നു. സുവിശേഷകന്മാരും മറെറാന്നല്ല പറയുന്നത്. ജ്ഞാനമെന്ന വാക്കിന് പകരം നമുക്ക് ‘‘ക്രിസ്തു’’ എന്ന പദം ഉപയോഗിച്ച് ആ വാക്യം ഒന്നു വായിക്കാം ‘‘യഹോവാ ഭക്തി ക്രിസ്തുവിന്റെ ആരംഭമാകുന്നു’’ നാം ദൈവ ഭക്തിയുള്ളവരായി ജീവിക്കുവാൻ ഒരു തീരുമാനമെടുക്കുമ്പോൾ ജ്ഞാനമാകുന്ന ക്രിസ്തു നമ്മിൽ ആ നിമിഷം തന്നെ പിറക്കുന്നു. നാം അതിൽ നിന്നും പിന്മാറുമ്പോൾ ക്രിസ്തുവിന് നമ്മിൽ തുടരാൻ സാധ്യമല്ല. അതിനാൽ നമുക്ക് ദൈവ ഭക്തിയുള്ളവരായി ജീവിക്കാൻ ഒരു തീരുമാനം എടുക്കാം. നമ്മുടെ കുഞ്ഞുങ്ങളെ അതിലേക്ക് നമുക്ക് നയിക്കാം. സദൃശ്യവാക്യങ്ങൾ 31-ാം അദ്ധ്യായം നമുക്ക് എന്നും ഓർക്കാം. ബലിപീഠമാകുന്ന സേവനത്തിലൂടെ സുവിശേഷമാകുന്ന കത്തിച്ച കൈത്തിരി കൈക്കുമ്പിളിലേന്തി നമുക്ക് മുന്നേറാം.

★

## പ്രത്യേക അറിയിപ്പ്

മാസികയുടെ വരിസംഖ്യ കൃത്യമായി അടച്ചു തീർക്കുന്നതിൽ പലരും വീഴ്ച വരുത്തുന്നു എന്ന വിവരം ഖേദപൂർവ്വം അറിയിക്കട്ടെ. കുടിശിഖ വരുത്തിയവർ എത്രയും വേഗം പണം അയച്ചു തന്ന് മാസികയുടെ മുന്നോട്ടുള്ള പ്രയാണത്തെ ത്വരിതപ്പെടുത്തണമെന്ന് സവിനയം അഭ്യർത്ഥിച്ചു കൊള്ളുന്നു.

—സർക്കുലേഷൻ മാനേജർ.



## ജഗദംബിക

കവിത

എൻ. ഐ. ചെറിയാൻ

നന്മയിൽ പരിയായ മമ്മെ
നിൻമെയ്യിലമർന്നു വളർന്നീ
ചിൻമയൻ മശിഹ താനല്ലൊ
തിന്മയിൽ ശാപം തീർത്തു
മണ്ണിൻ

പവിത്രമാ ഹൃദി നൻമയാ
തവയുദര ഫലം നിത്യൻ
സർവ്വ ലോക സമാരാധക-
നുർവ്വിയിൽ ജാതനായിതല്ലൊ.

കൻമഷ ദോഷ പരിഹാര-
കനവനല്ലൊ നിൻമാർവതു
പിളർത്തി ഞങ്ങളീ പാപികൾ-
ക്കുള്ള ദോഷ മകററുവാനാ-
ക്കള്ളക്കൂട്ടർ കൈകളാലല്ലൊ
കള്ളനെപ്പോൽ ക്രൂശതി ലേററി
ഉള്ളുരുകുന്നു പൊന്നമ്മയെ
തള്ള നീയിതും സഹിച്ചല്ലൊ
ഏഴകൾ നിൻ ഹൃദിയണഞ്ഞു
വാഴ്കിലതെങ്ങൾക്കു
സ്വർഗ്ഗമേ

ആഴകിവന്നവതാരമെ മാം
തഴുകുന്നു നിൻ പാദപത്മം
പരിചൊടു കൃപാവരങ്ങൾ
പരിപാവനെ പകരൂ നീ
മഴപോലതു പൊഴിയട്ടേ-
യഴകാർന്നീ ധരണീ തലേ.
അന്ധകാര ബന്ധമകററീ
നൊന്തുരുകും ജനകോടിയ്ക്കു
ബുദ്ധിയും മനശാന്തിയേററ-
മെന്നുമേകി രക്ഷയേകുവാ-
നന്ത്യകാല ബന്ധു തമ്പുരാ-
നെന്നുമെ മടിയാതെ തവ
സ്വന്തമായ പൊന്നുദരമെ
വന്ദനാൽ നീ വന്ദ്യയല്ലയൊ

ചന്തമുററ തവമേനിയി
ലെന്തത്ഭുതം വന്നു പിറന്നു
തന്ത്രമന്യെ ഗോശാല തന്നിൽ
നന്ദനൻ ദേവ ലോകാധിപൻ
ചന്ദന സുഗന്ധ നിതാന്ത-
വന്ദിതെ: മേരി! ലോകമാതേ
മന്ദാര പുഷ്പ വദനിയെ
ചന്തമാം സുമസമ പദം
മന്ദം മന്ദമെന്തെ ചലിപ്പു!
നിന്ദിതനിതാ വരുന്നമ്മെ
നിന്തിരുവടി ശരണമാ-
ക്കിയ സന്നിധാനത്തിലേക്ക്
ശാന്തിശ്രവണ മാധുര്യമാം
നിൻ തിരു സ്തോത്രധാരയെന്നും
ശാന്തിയേകാ ധന്യമാക്കിടാ-
നന്തികെ കൂപ്പുന്നു കൈകളും
താവകചാരു രൂപം പാർത്തു
ഭവ്യഭക്തിയോടേറെ
ദിവ്യ ദർശന ശാന്തിയേതും
ഭവ്യമാകട്ടെ കന്നികാംബേ!

ഒന്നിങ്ങു വന്നിങ്ങു തിങ്ങി നീ
നിന്നങ്ങു ചിങ്ങം തരു ഞങ്ങൾ-
ക്കിന്നിങ്ങു മങ്ങുമെങ്ങും തിങ്ങി-
പൊങ്ങും നിൻ പരിശുദ്ധി
യെങ്ങും

താലങ്ങളേന്തി ലതാദിയാം
ഫല പുഷ്പ തരുക്കളല്പം
തലതാഴ്ത്തി നമിച്ചു നിൽപ്പു
മേലിലെ നന്മയാസ്വദിപ്പാൻ.
ശാലിനിയമ്മയെന്നുള്ളിന്നു
മേലിൽനിന്നു പരിശുദ്ധമാം
പാലൊളിയാനന്ദമേകൂ
നീല വാനിൽ ശശാങ്കതുല്യം
നിസ്തുല സ്നേഹത്തിന്നുറ
വായ്
ക്രിസ്തുവിലടുക്കട്ടെ ഞങ്ങൾ
ശാന്തി: ശാന്തിയെങ്ങും വരട്ടെ
പ്രതീകാത്മ ശോഭയോലമ്മെ!

## അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി കാതോലിക്കേററ് & എം. ഡി. സ്കൂൾസ് മാനേജർ.

ഒക്ടോബർ 31 ന് കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ കാതോലിക്കേററ് ആൻഡ് എം. ഡി. സ്കൂളുകളിന്റെ മാനേജരായി നിയമിച്ചിരിക്കുന്നു.

★

## ബൈബിൾ ക്വിസ്

**ചോദ്യം**

1 മത്തായിയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിട്ടുള്ള രണ്ട് അത്ഭുതങ്ങൾ

2 യേശു കൊടുങ്കാററിനേയും കടലിനേയും ശാന്തമാക്കിയത് എഴുതിയിട്ടില്ലാത്ത സുവിശേഷം

3 ഏതു വൃക്ഷത്തെ നോക്കി ഉപമിക്കാനാണ് യേശു പറഞ്ഞത്

4 കാട്ടത്തിമേൽ കയറി ഇരുന്നവൻ

5 അത്തിയുടെ കീഴിൽ ഇരുന്നവൻ

6 ബൈബിളിലെ അവസാന പുസ്തകം

7 പൌലൊസപ്പൊസ്തലൻ അവസാനമായി എഴുതിയ ലേഖനം

8 പൌലൊസപ്പൊസ്തലന്റെ അവസാന വാക്കുകൾ

9 അബ്രഹാമിന് ദൈവം ആദ്യം പ്രത്യക്ഷപ്പെട്ട സ്ഥലം

10 യാക്കോബിനു ദൈവം അദ്യം പ്രത്യക്ഷപ്പെട്ട സ്ഥലം

**ഉത്തരം**

1 രണ്ട് കുരുടന്മാർക്കു കാഴ്ച ലഭിച്ചു 9:27-31
ഭൂതഗ്രസ്തനായ ഊമൻ സംസാരിച്ചു. 9: 32-33

2 യോഹന്നാൻ

3 അത്തി മർക്കൊ 13:28

4 സക്കായി ലൂക്കോ 19.4

5 നാഥാനയേൽ യോ. 1:48

6 വെളിപ്പാട്

7 2 തിമൊഥെയൊസ്

8 ഞാൻ നല്ല പോർ പൊരുതു. ഓട്ടം തികച്ചു....
ഏവർക്കും കൂടെ 2 തിമൊ. 4. 7. 8

9 മെസപ്പൊത്താമ്യ. അപ്പൊ. പ്രവൃ. 7:3

10 ബെഥേൽ. ഉല്പ: 28. 10. 22



## ദൈവവിളി സംഘം, വാർഷിക ക്യാമ്പ്



ദൈവവിളി സംഘത്തിന്റെ വാർഷിക ക്യാമ്പ് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് ഡയറക്ററർ ഫാ. ജോൺ പോൾ, വെരി. റവ. പി. ജി. ജോർജ് കോറെപ്പിസ്കോപ്പാ, ഫാ. ററി. ജി. ജോൺ, ഫാ. മാത്യു വറുഗീസ്, ഡീക്കൻ മാത്യൂ വറുഗീസ്.

ചെങ്ങന്നൂർ മെത്രാസനത്തിലെ ദൈവവിളി സംഘത്തിന്റെ വാർഷിക ക്യാമ്പ് ഒക്ടോബർ 17, 18 തീയതികളിൽ പേരിശ്ശേരി പള്ളിയിൽ വച്ച് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. തൽസംബന്ധമായി ചേർന്ന യോഗത്തിൽ വെരി. റവ. പി. ജി. ജോർജ് കോറെപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിക്കുകയും ഫാ. ററി. ജി. ജോൺ, വി. ഐ. തോമസ്, ററി. എം. വറുഗീസ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ഫാ. ജേക്കബ് ചെറിയാൻ, ഫാ. പി. വി. ജോൺ, ഫാ. എ. എം. വറുഗീസ്, ഫാ. ഗീവറുഗീസ് കാഞ്ഞിക്കാവിൽ, ഫാ. നൈനാൻ കെ. ജോർജ് എന്നിവർ ക്ലാസുകൾ എടുത്തു. ഡീക്കൻ മാത്യു വറുഗീസ് സംഗീത പരിശീലനം നൽകി.

ദൈവവിളി സംഘം ഡയറക്ററർ ഫാ. ജോൺ പോളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ ഫാ. മാത്യു വറുഗീസ്, ശ്രീ. കെ. ഇ. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഏററവും നല്ല ക്യാമ്പംഗത്തിനുള്ള ഡയറക്ററുടെയും അനിയൻ പൂവക്കാടിന്റെയും സമ്മാനങ്ങൾ തട്ടാശേരിൽ ഫെലിക്സ് യോഹന്നാന് ഫാ. നൈനാൻ കെ. ജോർജ് നൽകി. ഫാ. ജോൺ പോൾ നന്ദി പറഞ്ഞു.

## ദിവ്യബോധന സെമിനാർ

ചെങ്ങന്നൂർ ബഥേൽ കേന്ദ്രമായി നടത്തിവരുന്ന ദിവ്യബോധനത്തിന്റെ മൂന്നാം വിഷയ സെമിനാർ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഒക്ടോബർ 5 ന് നടന്നു. രാവിലെ നടന്ന സെമിനാറിൽ സർട്ടിഫിക്കേററ് കോഴ്സിലെ 75 അംഗങ്ങളും ഉച്ചയ്ക്ക് ശേഷം നടന്ന സെമിനാറിൽ ഡിപ്ലോമാ കോഴ്സിലെ 20 അംഗങ്ങളും പങ്കെടുത്തു. ചെങ്ങന്നൂർ ഭദ്രാസന ദിവ്യബോധനം ഡയറക്ററർ കെ. ജി. ദാനിയേൽ അഭിവന്ദ്യ തിരുമേനിയേയും അംഗങ്ങളെയും സെമിനാറിലേക്ക് സ്വാഗതം ചെയ്തു.

## ബഥേൽ യൂണിററ്

ദിവ്യബോധന പഠന പദ്ധതിയുടെ ഒരു യൂണിററ് ബഥേൽ അരമനയിൽ ആരംഭിച്ചിരിക്കുന്നു. യൂണിററില്ലാത്ത സമീപ ഇടവകകളിലെ ആളുകൾക്കുകൂടി സംബന്ധിക്കുവാൻ തക്കവണ്ണം ആരംഭിച്ചിരിക്കുന്ന ഈ യൂണിററിൽ സർട്ടിഫിക്കേററ് കോഴ്സിന് ഫാ. മാത്യൂ വറുഗീസും, ഡിപ്ലോമാ കോഴ്സിന് ഫാ. നൈനാൻ കെ. ജോർജ്ജും ക്ലാസ്സുകളെടുക്കുന്നു. രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചയും 2 മണി മുതൽ തുടങ്ങുന്ന ക്ലാസ്സുകളിൽ ചേരാൻ ഇനിയും ആഗ്രഹിക്കുന്നവർക്ക് അവസരം നൽകുന്നതായിരിക്കും.

## അദ്ധ്യാപക സമ്മേളനം

പുത്തൻകാവ് ഡിസ്ട്രിക്ററ് സണ്ടേസ്കൂൾ ഏകദിന സമ്മേളനം കുർത്തമല സെൻറ് ജോൺസ് ചാപ്പലിൽ വച്ച് നടന്നു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിലുള്ള വി. കുർബ്ബാനയ്ക്ക് ശേഷം സിസ്ററർ സെലിൻ മാതൃകാ ക്ലാസ്സെടുത്തു. വികാരി ഫാ. മാത്യു തോമസിന്റെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക്ശേഷം ചേർന്ന പൊതുസമ്മേളനം ഭദ്രാസനാധിപൻ ഉൽഘാടനം ചെയ്തു. വെരി. റവ. സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ, ശ്രീ. സി. യു മാത്യു, അഡ്വ. വി. സി. സാബു എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ററ് ഇൻസ്പെക്ററർ ഈപ്പൻ വറുഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. പി. വി. തോമസ് സ്വാഗതവും ഡോ. ഫിലിപ്പ് എം. വറുഗീസ് നന്ദിയും പറഞ്ഞു. പ്രസ്തുത സമ്മേളനത്തിൽ 100 അദ്ധ്യാപകരും 25 കുട്ടികളും സംബന്ധിക്കുകയുണ്ടായി.

**കുട്ടംപേരൂർ:-**

ഇടവങ്കാട്, ഡി. ലെ സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏകദിനസമ്മേളനം കുട്ടമ്പേരൂർ സീയോൻപുരം സെൻറ് തോമസ് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ ജനറൽ വെരി, റവ. സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പാ അദ്ധ്യക്ഷം വഹിച്ചു. റവ. ഫാ. ഏബ്രഹാം തരകൻ ശ്രീ. സി. യു. മാത്യു എന്നിവർ പ്രസംഗിച്ചു. ശ്രീ. കെ എം മാത്യു (തിരുവല്ലാ) എം. വി. ജോസഫ് (മേല്പാടം) എന്നിവർ ക്ലാസ്സുകൾ

(ശേഷം 32-ാം പേജിൽ)



## ക്രൈസ്തവ സഭ-ഒരു വിഹഗ വീക്ഷണം

(തുടർച്ച)

**ഫാ. സി. ജെ. ജോർജ്**

എ. ഡി 451ൽ രാജാവിൻ ബലത്തോടും പട്ടാള ബന്തവസോടും കൂടി റോമ്മാ പാത്രിയർക്കീസ് വിളിച്ചു കൂട്ടിയ് കൽക്കദോനീയാ സുന്നഹദോസോടുകൂടി സഭ രണ്ടായി പിരിയുകയും സഭയുടെ ഏകത്വം നഷ്ടപ്പെടുകയും ചെയ്തതിനാൽ പിന്നീട് ഒരു സാർവ്വത്രിക സുന്നഹദോസ് ഉണ്ടായിട്ടില്ലെന്നതാണ് സത്യം. കൽക്കദോനിയാ സുന്നഹദോസിനെ കൊള്ളക്കാരുടെ സുന്നഹദോസ്. (Synod of robbers) എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ഒന്നായിരുന്ന ലോക ഓർത്തഡോക്സ് സഭയിൽ നിന്നും എ. ഡി. 451 ൽ റോമ്മാ പാത്രയർക്കീസും കൂട്ടരും പിരിഞ്ഞു പോയി സഭാചരിത്രത്തെത്തന്നെ കളങ്കപ്പെടുത്തി. റോമ്മാസഭ എ. ഡി. 451 ൽ ഒറിജിനൽ ഓർത്തഡോക്സ് സഭയിൽ നിന്നു പിരിഞ്ഞു എങ്കിലും എ. ഡി. 869 ലാണ് ഒരു ക്രമീകരണമുണ്ടാക്കി, റോമിലെ പാത്രിയർക്കീസ് എന്ന പേരു മാററി പാപ്പാ എന്ന പേര് സ്വീകരിച്ച് ഒററപ്പെട്ടത്. പല പരിമിതികളെ തരണം ചെയ്തു കിഴക്കൻ ഓർത്തഡോക്സ് സഭകൾ ഒന്നിച്ചുള്ള ഒരു നിലപാട് എ. ഡി. 1054ലും രൂപപ്പെടുത്തുകയുണ്ടായി. കത്തോലിക്കാ സഭയിലെ ചില ആചാരങ്ങളെ ചോദ്യം ചെയ്തുകൊണ്ട് രംഗപ്രവേശനം ചെയ്ത മാർട്ടിൻ ലൂഥർ പ്രസ്തുത അനാചാരങ്ങളെ പരിഹരിക്കാൻ മാർഗ്ഗം കാണാതെ എ. ഡി. 1595 ൽ രൂപപ്പെടുത്തിയതാണ് നവീകരണ സഭ (Protestant Church) ഈ സഭ വിവിധ കാരണങ്ങളാൽ കാലാകാലങ്ങളിൽ പിണങ്ങിപ്പിരിഞ്ഞ് നാനൂറിലധികം ശാഖകളായിട്ടുണ്ട്.

റോമൻ കത്തോലിക്കരെപ്പോലെ കൂട്ടിച്ചേർക്കുകയോ, നവീകരണക്കാരെപ്പോലെ എടുത്തുകളയുകയോ ചെയ്യാതെ പുരാതന അവിഭാജ്യ സഭയുടെ സത്യവിശ്വാസം അതേപടി പാലിക്കുന്നവർ നാം കൂടി ഉൾപ്പെടുന്ന ഓറിയൻറൽ ഓർത്തഡോക്സ്കാർ മാത്രമാണ്.

ഓർത്തഡോക്സ് സഭയ്ക്ക് രണ്ട് വിഭാഗങ്ങളുണ്ട്.

(1) കിഴക്കൻ ഓർത്തഡോക്സ് സഭകൾ (Eastern Orthodox Churches)സ്വയം ശീർഷകത്വവും സ്വയം ഭരണാവകാശവുമുള്ള ഒരു ഡസനിലധികം സഭകൾ ഇതിൽ ഉൾപ്പെടുന്നു.

കോൺസ്ററാൻറിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ്
അലക്സാന്ധ്രിയായിലെ പാത്രിയർക്കീസ്
അന്ത്യോക്യായിലെ പാത്രിയർക്കീസ്
യറുശലേമിലെ പാത്രിയർക്കീസ്
റഷ്യയിലെ പാത്രിയർക്കീസ്

ഇവരോടു ബന്ധമുള്ള സേർബിയ റോമാനിയ, ബൾഗേറിയ, കുപ്രോസ്; ഗ്രീസ്,ജോർജിയ, പോളണ്ട് ചെക്കോസ്ലോവാക്യ, ജപ്പാൻ മുതലായ സഭകൾ ഇതിൽപ്പെടുന്നു. അമേരിക്കയിലും ക്യാനഡയിലും ഈ സഭയുടെ ആളുകൾ ഉണ്ട്. ഇവർ പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും നിഷേധിക്കുകയും, നിഖ്യാവിശ്വാസ പ്രമാണത്തിലെ Filioque Clause സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു. കുസ്തന്തിനോസ് പോലീസ് പാത്രിയർക്കീസിന് 'സമന്മാരിൽ മുൻപൻ'

(First among equals) എന്ന ബഹുമതി നൽകുന്നു.

മൂന്നു തവണ വെള്ളത്തിൽ മുക്കിയാണ് ഇവർ ശിശുസ്നാനം നടത്തുന്നത്. തുടർന്ന് മൂറോനഭിഷേകവും ഉടനെ നൽകുന്നു. വി. കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പമാണ് ഉപയോഗിക്കുന്നത്. ബിഷപ്പുമാർ അവിവാഹിതരായിരിക്കണമെന്ന് ഉപദേശിക്കുന്നു. ഏഴു കൂദാശകളിലും അവർ വിശ്വസിക്കുന്നു. വി. വേദത്തിലും പ. സഭയുടെ പാരമ്പര്യത്തിലും വിശ്വസിക്കുന്നു. ആത്മാവിന്റെ നിത്യതയിലും ഓരോരുത്തർക്കും ഓരോ കാവൽ മാലാഖ ഉണ്ടെന്ന കാര്യത്തിലും അവർ ഉറപ്പായി വിശ്വസിക്കുന്നു. ശുദ്ധിമതിയായ മാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അവർ അഭയം തേടുന്നു. വാങ്ങിപ്പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന കാര്യത്തിൽ അവർക്ക് വളരെ ശുഷ്കാന്തിയാണ്. എപ്പിസ്ക്കോപ്പാ, കശീശാ, ശെമ്മാശൻ എന്നീ പട്ടത്വ സ്ഥാനികളിലും അവരുടെ കർമ്മാദികളിലും അവർ സന്തുഷ്ടരാണ്.

2 ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഇതിൽ പ്രധാനമായി 5 സഭകൾ ഉൾപ്പെടുന്നു.

1 അർമ്മീനിയൻ സഭ
2 എത്യോപ്യൻ സഭ
3 ഈജിപ്തിലെ കോപ്പററിക്ക് സഭ
4 മലങ്കര ഓർത്തഡോക്സ് സഭ
5 അന്ത്യോക്യൻ ഓർത്തഡോക്സ് സഭ (യാക്കോബായ സഭ)

ഓറിയന്റൽ ഓർത്തഡോക്സ് സഭകളും കിഴക്കൻ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള അകൽച്ച എ. ഡി. 45-ലെ കൽക്കദോനിയാ സുന്നഹദോസിന് ശേഷമാണ് ഉണ്ടായിട്ടുള്ളത്. കർത്താവിന്റെ സ്വഭാവത്തെപ്പററിയുള്ള പഠിപ്പിക്കലാണ് ഇതിന്റെ മുഖ്യകാരണം. ഓറിയന്റൽ സഭകൾ കിഴക്കൻ സഭകളെ ഇരു സ്വഭാവവാദികൾ (Dyophysites) എന്നും ഓറിയന്റൽ സഭകളെ ഏകസ്വഭാവവാദികൾ (Monophysites) എന്നും വിളിച്ചു വരുന്നു.

ഓറിയന്റൽ സഭകൾ ആദ്യത്തെ മൂന്നു സുന്നഹദോസുകൾ മാത്രം അംഗീകരിക്കുമ്പോൾ കിഴക്കൻ സഭകൾ ഏഴു സുന്നഹദോസുകൾ അംഗീകരിക്കുന്നു. ഒറിയന്റൽ സഭകൾ രൂപങ്ങളോ പ്രതിമകളോ ഉപയോഗിക്കുന്നില്ല. പടങ്ങൾ അനുവദിക്കുന്നുണ്ട്. ഇരു സഭകളുടെയും വിശ്വാസം, പട്ടത്വം, നടപടി, തക്സാ പാരമ്പര്യം മുതലായവയിൽ വളരെ സാമ്യമുണ്ടെങ്കിലും വി. കുർബ്ബാനാ സംസർഗ്ഗം ഇല്ല. ലോക ക്രൈസ്തവ ജനസംഖ്യ 980 ദശലക്ഷം ഉള്ളതിൽ 260 ദശലക്ഷം ഓറിയന്റൽ ഓർത്തഡോക്സ് കാരാണ്.

(തുടരും)

(20-ാം പേജിൽ നിന്നും തുടർച്ച)

എടുത്തു. ഡി. ഇൻസ്പെക്ടർ പി. സി, ജോസഫ് റിപ്പോർട്ടു അവതരിപ്പിച്ചു. വികാരി റവ. ഫ.ാ മാത്യുകോശി സ്വാഗതവും ഡി, പ്രതിനിധി ശ്രീ മാത്യു എം. തോമസ് നന്ദിയും രേഖപ്പെടുത്തി.

സഹപാഠ്യമത്സരങ്ങളിലും മത്സരപരീക്ഷയിലും ഡി. സമ്മാനാർഹരായവർക്കുള്ള സമ്മാനങ്ങളും ,സ്കൂളുകൾക്കുള്ള ഷീൽഡുകളും യോഗത്തിൽ വച്ചു നൽകപ്പെട്ടു.

★



# ബാല പത്രിക

പ്രിയപ്പെട്ട കുട്ടികളെ!

കഥകൾ കേൾക്കുന്നതും വായിക്കുന്നതും എത്ര രസകരമായ കാര്യമാണെന്ന് പറയേണ്ടതില്ലല്ലോ. ചിലർ കഥകളെക്കാളുപരി ഉപന്യാസങ്ങളും കവിതകളുമാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും കഥകളോടാണ് താല്പര്യം. ചെറുപ്പകാലത്ത് കേട്ടിട്ടുള്ള മുത്തശ്ശിക്കഥകൾ പ്രായമായാലും അയവിറക്കുന്നു. അതേസമയം നാം വായിക്കുന്ന കഥകളിൽ പലതിനും യാഥാർത്ഥ്യവുമായി വിദൂര ബന്ധം മാത്രമേ കാണുകയുള്ളു. അക്കാരണത്താൽ, കഥകൾ ഒരു വ്യക്തിയുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്നതാണ് തർക്കവിഷയം. കഥകളിൽ ഗുണപാഠങ്ങൾ കണ്ടേക്കാം. എന്നാൽ കുട്ടികൾ കൂടുതലായി വായിക്കേണ്ടതും പഠിക്കേണ്ടതും ഉത്തമ ജീവിത ചരിത്ര ഗ്രന്ഥങ്ങളാണ്. മഹാത്മാക്കളുടെ ജീവിത ചരിത്രം വളരുന്ന തലമുറയ്ക്ക് മാർഗദർശകങ്ങളായിരിക്കും. അവരുടെ ജീവിതാനുഭവങ്ങൾ എക്കാലവും വിലപ്പെട്ടതാണ്. സെൻറ് ഫ്രാൻസിസ് സേവ്യർ, പരുമല തിരുമേനി, മദർ തെരേസാ, ഏബ്രഹാം ലിങ്കൺ, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു മുതലായ മഹാത്മാക്കളുടെ ധന്യ ജീവിത മാതൃകകളിലൂടെ കടന്നു പോകുന്നവർക്ക് ഉന്നത ആദർശങ്ങൾ കൈവിടാതെ ജീവിതം നയിക്കുവാൻ സാധിക്കും. അതുകൊണ്ട് നല്ല വായന ശീലമുള്ളവരായിത്തീരുവാൻ ശ്രമിക്കുക. അവർക്ക് ജീവിത വിജയം കൈവരിക്കുവാൻ സാധിക്കും.

എന്നാൽ ഒരു കാര്യം വിസ്മരിക്കരുത്. ജീവ ചരിത്ര ഗ്രന്ഥങ്ങളെപ്പററി നാം ചിന്തിക്കുമ്പോൾ ഇന്നോളം കണ്ടിട്ടുള്ളതിൽ ഉന്നതനായ ഒരു മഹാവ്യക്തിയുടെ, സാക്ഷാൽ ദൈവപുത്രനായ യേശുനാഥന്റെ ജീവചരിത്രത്തിന്, അതായത് സുവിശേഷങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

എന്ന് നിങ്ങളുടെ

ജോയിച്ചായൻ

★

## മനുഷ്യൻ ഉദ്ദേശിക്കുന്നു ദൈവം തീരുമാനിക്കുന്നു

**ബോബി കോശി, - പാങ്ങാവിൽ, തിരുവനന്തപുരം**

ഞാൻ സുന്ദരമായൊരു പുഷ്പം
ദൈവത്തോടു ചോദിച്ചു
ലഭിച്ചതോ
മുള്ളുകൾ നിറഞ്ഞ വൃത്തികെട്ട
കള്ളിച്ചെടി!
മനോഹരമായ ചിത്ര ശലഭങ്ങളെ
ചോദിച്ചു
ലഭിച്ചതോ
വൃത്തികെട്ട പുഴുക്കളെ!
എനിക്ക് ദു:ഖവും നിരാശയും
കോപവും
തോന്നി.
ദിവസങ്ങൾ കഴിഞ്ഞു
കള്ളിച്ചെടി മനോജ്ഞമായ
പുഷ്പങ്ങളായി
പുഴുക്കളെ ഹൃദയഹാരിയായി
ശലഭങ്ങളായി
അവ ഇളംകാററിൽ
തത്തിക്കളിച്ചു
അപ്പോൾ എനിക്കു
മനസ്സിലായി
ദൈവത്തിന്റെ വഴിയാണ്
ഏററവും നല്ലത് എന്ന്.

★

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA



Printed and Published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR. Editor Fr. P. G. George